## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2036** **16.08.2017-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലെന്റ് സ്കീമിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലെന്റ് സ്കീമിൽ ചികിത്സ ലഭ്യമാക്കിയിരുന്ന സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്ന് പിൻമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളാണ് എന്ന് വ്യക്തമാക്കുമോ ; | (എ) | സ്വകാര്യ ഡയാലിസിസ് സെൻററുകൾ ഉൾപ്പെടെ 104 സ്വകാര്യ ആശുപത്രികൾ കാരുണ്യ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിരുന്നു. ഇതിൽ 12 ആശുപത്രികൾ കരാർ പുതുക്കിയിട്ടില്ല. ആശുപത്രികളുടെ പേര് ചുവടെ ചേർക്കുന്നു.<br>1. ഗോകുലം മെഡിക്കൽ കോളേജ്, വെഞ്ഞാറമൂട്, തിരുവനന്തപുരം.<br>2. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്<br>3. മദർകെയർ ഹോസ്പിറ്റൽ, പാലക്കാട്<br>4. സെൻറ്മേരീസ്, തൊടുപുഴ, ഇടുക്കി<br>5. ഹോളിഫാമിലി, ഇടുക്കി<br>6. ആസ്റ്റർ മെഡിസിറ്റി, എറണാകുളം<br>7. ലക്ഷ്മീമേഘൻ സ്പെഷ്യാലിറ്റി, കാസർഗോഡ്<br>8. ശാന്തിഫ്രീ ഹോസ്പിറ്റൽ, കോതമംഗലം, എറണാകുളം.<br>9. ഹോളിക്രോസ് ഹോസ്പിറ്റൽ, കൊട്ടിയം, കൊല്ലം.<br>10.ലൂർദ്ദ് ഹോസ്പിറ്റൽ, എറണാകുളം.<br>11.സെൻറ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന, ഇടുക്കി.<br>12.ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ, കോട്ടയം |
| (ബി) | സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്ന് പിൻമാറാനുള്ള സാഹചര്യം എന്താണെന്ന് സർക്കാർപരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ബി) | കാരുണ്യ പദ്ധതി നിഷ്കർഷിച്ചിരിക്കുന്ന ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഏതാനും ആശുപത്രികൾ ടി പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുണ്ട്. കൂടാതെ ഏതാനും സ്വകാര്യ ആശുപത്രികൾ ടി പദ്ധതി പ്രകാരമുള്ള കരാർ പുതുക്കാതെ വരുന്നതായും കാണുന്നു. |

സെക്ഷൻ ഓഫീസർ